പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.974 20/03/2012 ൽ മറുപടിയ്ക്ക്

## പരുമല ദേവസ്വം ബോർഡ് ഹൈസ്കൂൾ ഹെഡ് മാസ്റ്ററുടെ നിയമനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ.പി.കെ അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പരുമല ദേവസ്വം ബോർഡ് ഹൈസ്കൂൾ ഹെഡ്മാസ്റ്ററുടെ നിയമനം അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷയിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി 16/12/2010 ലെ എ 3/65127/2010 നമ്പർ ഉത്തരവിൽ നിയമനം അംഗീകരിക്കാവുന്നതല്ലായെന്നും 22/10/2011 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഇ.റ്റി 3/837/11 ഉത്തരവിൽ പ്രസ്തുത നിയമനം അംഗീകരിച്ച് നൽകണമെന്നുമുള്ള വ്യത്യസ്ത ഉത്തരവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: | (എ) | ഗവൺമെന്റിന്റെ 16/12/2010 ലെ കത്തുപ്രകാരം ശ്രീ. രാമാനുജത്തിന്റെ നിയമനം 15/12/90 ലെ സ.ഉ (എം.എസ്) നം. 258/90/പൊ.വി. ഉത്തരവിന്റെ അടിസ്ഥാനത്തിൽ അംഗീകരിക്കുവാൻ സാധിക്കുകയില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. നിയമന പ്രൊപ്പോസൽ സംബന്ധിച്ച തടസ്സങ്ങൾ മാനേജർ പരിഹരിക്കുന്ന മുറയ്ക്ക് മറ്റു തരത്തിൽ യോഗ്യമാണെങ്കിൽ പരാതിക്കാരന്റെ നിയമനം അംഗീകരിച്ചു നൽകുവാനും ടി കത്തിൽ തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 22/10/11 ലെ ഉത്തരവ് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ആയത് പരിശോധിച്ച് പ്രസ്തുത നിയമനം അംഗീകരിച്ച് ലഭിക്കേണ്ട സർവ്വീസ് ആനുകൂല്യങ്ങൾ അദ്ദേഹത്തിന് നൽകുവാൻ നടപടികൾ സ്വീകരിക്കുമോ: ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ? | (ബി) | ഇക്കാര്യം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ